# പതിമൂന്നാം കേരള നിയമസഭ

## പതിനൊന്നാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.1057 12.06.2014 -ലെ മറുപടിയ്ക്ക്.**

**പ്ലസ് വൺ പ്രവേശനത്തിനുള്ള ഏകജാലക സംവിധാനം**

| ചോദ്യം | | ഉത്തരം |
|---|---|---|
| ശ്രീ. കെ.രാജു | | ശ്രീ. പി. കെ. അബ്ദുറബ്ബ്.<br>(ഹയർ സെക്കന്ററി വിദ്യാഭ്യാസ വകുപ്പുമന്ത്രി) |
| (എ) | സംസ്ഥാനത്ത് ഹയർ സെക്കന്ററി സ്കൂളുകളിൽ പ്ലസ് വൺ പ്രവേശനത്തിന് അപേക്ഷ ഓൺ ലൈനായി സ്വീകരിച്ച് തുടങ്ങിയെങ്കിലും പ്രോസ്പെക്ടസ് (അച്ചടിച്ച വിവരപത്രിക) വിതരണം നടത്താത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) ഉണ്ട്. |
| (ബി) | അച്ചടിച്ച വിവരപത്രിക ലഭിക്കാത്തതു മൂലം ഏകജാലക രീതിയുടെ നിബന്ധനകൾ വിദ്യാർത്ഥികൾക്ക് വായിച്ച് മനസിലാക്കുവാൻ കഴിയുന്നില്ലെന്ന പരാതികൾ ലഭിച്ചിട്ടുണ്ടോ; | (ബി) ഇതു സംബന്ധിച്ച് ചില മാധ്യമ വാർത്തകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (സി) | ആയത് പരിഹരിക്കുന്നതിന് സത്വരനടപടികൾ സ്വീകരിക്കുമോ; | (സി) നടപടികൾ സ്വീകരിച്ചുവരുന്നു. |
| (ഡി) | ഏകജാലക പ്രവേശനത്തിനുള്ള നിബന്ധനകൾ സങ്കീർണ്ണമായിരിക്കെ ഇന്റർനെറ്റ് സൗകര്യമില്ലാത്ത പാവപ്പെട്ട വിദ്യാർത്ഥികൾക്ക് അപേക്ഷ നൽകുന്നതിനുള്ള ബുദ്ധിമുട്ടും സാമ്പത്തിക ബാധ്യതയും പരിഗണിച്ച് | (ഡി) ഹയർ സെക്കന്ററി ഡയറക്ടറേറ്റിന്റെ അഡ്മിഷൻ പോർട്ടലായ www.hscap.kerala.gov.in ൽ പൊതുജനങ്ങൾക്ക് വായിച്ച് മനസ്സിലാക്കുന്നതിനായി പ്രോസ്പെക്ടസ് പ്രസിദ്ധീകരിക്കുകയും , ഇൻറർനെറ്റിൽ |

| | |
|---|---|
| സ്കൂളുകളിൽ സഹായകേന്ദ്രങ്ങൾ ആരംഭിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ; ആയതിലേക്ക് അദ്ധ്യാപകർക്ക് ചുമതല നൽകുന്നതിനുള്ള നടപടി സ്വീകരിക്കുമോ? | നിന്നും പ്രോസ്പെക്ടസ് ഡൗൺലോഡ് ചെയ്ത് ഒരു കോപ്പി സ്കൂൾ നോട്ടീസ് ബോർഡിൽ പ്രസിദ്ധീകരിക്കുവാനും ഒരു കോപ്പി സ്കൂൾതല ഹെൽപ് ഡസ്കിൽ ലഭ്യമാക്കുവാനുമുള്ള നടപടികൾ സ്വീകരിക്കുവാനും സംസ്ഥാനത്തെ എല്ലാ സർക്കാർ, എയിഡഡ് ഹയർ സെക്കന്ററി സ്കൂൾ പ്രിൻസിപ്പൽമാർക്കും ഹയർസെക്കന്ററി ഡയറക്ടർ നിർദ്ദേശം നൽകിയിട്ടുണ്ട്.<br>കൂടാതെ അപേക്ഷ പൂരിപ്പിക്കൽ, അപേക്ഷയിലെ വിവരങ്ങൾ പരിശോധിക്കൽ, തുടങ്ങി സ്കൂൾ പ്രവേശനം സംബന്ധിച്ച് വിദ്യാർത്ഥികൾക്കുണ്ടാകുന്ന എല്ലാ സംശയങ്ങളും പരിഹരിക്കുന്നതിന് സ്കൂൾ തലത്തിൽ അധ്യാപകരും രക്ഷകർതൃ സമതി അംഗങ്ങളും ഉൾപ്പെടുന്ന ഹെൽപ്പ് ഡസ്ക് പ്രവേശന പ്രക്രിയ അവസാനിക്കുന്നത് വരെ സ്കൂളുകളിൽ പ്രവർത്തിക്കുന്നുണ്ട്. സ്കൂൾ തലത്തിലെ ഹെൽപ്പ് ഡസ്ക്കിന്റെ പ്രവർത്തനങ്ങളുടെ മേൽനോട്ടവും ഉത്തരവാദിത്വവും അതത് പ്രിൻസിപ്പൽമാർക്കായിരിക്കും. ഇതു കൂടാതെ അധ്യാപകരുടേയും വിദ്യാർഥികളുടേയും സംശയങ്ങൾ ദൂരീകരിക്കാൻ ജില്ലാ തലത്തിലും, മേഖലാ തലത്തിലും, സംസ്ഥാന തലത്തിലും ഹെൽപ്പ് ഡസ്ക്കുകൾ ഉണ്ട്. ജില്ലാ തലത്തിൽ ജില്ലാ |

കോർഡിനേറ്ററുടെ നേതൃത്വത്തിലും,
മേഖലാ തലത്തിൽ മേഖലാ ഡെപ്യൂട്ടി
ഡയറക്ടറുടെ നേതൃത്വത്തിലും,
സംസ്ഥാന തലത്തിൽ, അക്കാഡമിക്
വിഭാഗം ജോയിൻറ്
ഡയറക്ടറുടെ നേതൃത്വത്തിലും
ആണ് ഹെൽപ്പ് ഡസ്ക്കുകൾ
പ്രവർത്തിക്കുന്നത്.

സെക്ഷൻ ഓഫീസർ